**ചരമോപചാരം**

പണാറത്ത് കുഞ്ഞിമുഹമ്മദിന്റെ നിര്യാണം

മി. സ്പീക്കർ: മുൻ എം.എൽ.എ.യും മുതിർന്ന മുസ്‌ലിം ലീഗ് നേതാവുമായ പണാറത്ത് കുഞ്ഞിമുഹമ്മദ്, 2023 ജനുവരി 13 – ന് അന്തരിച്ചു.

കുഞ്ഞബ്ദുള്ള-അയിഷ ദമ്പതികളുടെ മകനായി 1937-ന് ജനിച്ച പണാറത്ത് കുഞ്ഞിമുഹമ്മദ്, ഹൈസ്കൂൾ പഠന കാലത്ത് മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷനിലൂടെ പൊതുപ്രവർത്തനം തുടങ്ങി. മൂന്ന് ദശാബ്ദം നാദാപുരം മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ്, രണ്ടു വർഷം വടകര താലൂക്ക് പ്രസിഡന്റ് തുടങ്ങിയ ചുമതലകളും വഹിച്ചു. തുടർന്ന് അദ്ദേഹം 1963-ൽ ഗ്രാമപഞ്ചായത്ത് ബോർഡ് വൈസ് പ്രസിഡന്റായി. 1965 മുതൽ 1967 വരെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചു. നാദാപുരത്ത് സംഘർഷം രൂപംകൊണ്ടപ്പോൾ ദിവസങ്ങളോളം സംഘർഷ മേഖലയിൽ ക്യാമ്പ് ചെയ്ത് സമാധാനം പുന:സ്ഥാപിക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച അദ്ദേഹം, 1977-ൽ മേപ്പയ്യൂർ നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്താണ് അഞ്ചാം കേരള നിയമസഭയിലെത്തിയത്.

നിയമസഭാംഗമെന്ന നിലയിൽ മേപ്പയൂർ മണ്ഡലത്തിൽ വിപുലമായ വികസന പ്രവർത്തനങ്ങൾക്കാണ് പണാറത്ത് നേതൃത്വം നൽകിയത്.

മുസ്‌ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതിയംഗം, സ്വതന്ത്ര കർഷക സംഘം സംസ്ഥാന വൈസ് പ്രസിഡന്റ്, ട്രാവൻകൂർ ടൈറ്റാനിയം ഡയറക്ടർ, കയർ കോർപ്പറേഷൻ ഡയറക്ടർ തുടങ്ങിയ പദവികളും പണാറത്ത് വഹിച്ചിട്ടുണ്ട്.

നിസ്വാർത്ഥസേവനവും ലാളിത്യവും കൈമുതലാക്കിയ മികച്ച ഒരു പൊതുപ്രവർത്തകനെയാണ് പണാറത്ത് കുഞ്ഞിമുഹമ്മദിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി അൽപ്പ സമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദര സൂചകമായി ബഹുമാനപ്പെട്ട സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)